# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2588 20.06.2013 ൽ മറുപടിക്ക്

**അൺ എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റുകളുടെ ചൂഷണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ഇടയിൽ മാനേജ്മെന്റുകളുടെ ചൂഷണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) മാനേജ്മെന്റിന്റെ ചൂഷണത്തിനെതിരെ ജീവനക്കാർ പ്രത്യക്ഷ സമരത്തിലേക്ക് വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ; | | |
| (സി) ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് വ്യക്തമായ സേവന വേതന വ്യവസ്ഥകൾ രൂപപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിന്റെ 14.2.2011 ലെ ജി.ഒ(എം.എസ്) നമ്പർ 36/11/പൊ.വി നമ്പർ ഉത്തരവ് പ്രകാരം അംഗീകാരമുള്ള അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രധാനാദ്ധ്യാപകന് 7000/- രൂപയും, എച്ച്.എസ്.എയ്ക്ക് 6000/- രൂപയും പ്രൈമറി ടീച്ചർക്ക് 5000/- രൂപയും ക്ലാർക്കിന് 4000/- രൂപയും ക്ലാസ്സ് ഫോർ ജീവനക്കാർക്ക് 3500/- രൂപയും മിനിമം വേതനം ഉറപ്പു നൽകുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിൽ നിന്നു പുറപ്പെടുവിച്ചിട്ടുള്ള സ.ഉ(പി) 155/2011/തൊഴിൽ തീയതി 12.9.2011 പ്രകാരം അനദ്ധ്യാപക ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ